നിയന്ത്രണ ബോർഡ് നിർദ്ദേശിക്കുന്നത്. പാലക്കാട് കഞ്ചിക്കോട് വ്യവസായ മേഖലയിലുള്ള പെപ്സികോ ഇന്ത്യാ ഹോൾഡിംഗ്സ് ലിമിറ്റഡിൽ നിന്നുമുള്ള മലിനജല സംസ്കരണത്തിനായി മലിനജല സംസ്കരണ പ്ലാന്റ് ഉണ്ട്. ഉൽപ്പാദന പ്രക്രിയയിൽ നിന്നുള്ളതല്ലാത്ത മലിനജലത്തിന് (സ്വീവേജ്, സള്ളേജ്) ഒരു സ്വീവേജ് സംസ്കരണ പ്ലാന്റും പ്രവർത്തിക്കുന്നു. സംസ്കരിച്ച മലിനജലത്തിന്റെ ഒരു ഭാഗം ചെടികൾ നനയ്ക്കുന്നതിനും ബാക്കി പ്ലാന്റിലെ നേരിട്ട് ഉൽപ്പാദനത്തിനല്ലാത്ത ആവശ്യങ്ങൾക്ക് പുനരുപയോഗിക്കുകയുമാണ് ചെയ്യുന്നത്.

ഇതിനുപുറമേ കഞ്ചിക്കോട് വ്യവസായ മേഖലയിൽ മലിനജലം ഉത്പ്പാദിപ്പിക്കുന്ന എല്ലാ വ്യവസായശാലകളിലും മതിയായ മലിനജല സംസ്കരണ സംവിധാനം പ്രവർത്തിക്കുന്നുണ്ട്. ശുദ്ധീകരിച്ച ജലം നിശ്ചിത ഗുണനിലവാരം കൈവരിക്കുന്നുണ്ടെന്ന് മലിനീകരണ നിയന്ത്രണ ബോർഡ് പരിശോധനയിൽ ഉറപ്പുവരുത്തുന്നുണ്ട്.

അന്തരീക്ഷ വായുവിന്റെ ഗുണനിലവാരം നിർണ്ണയിക്കുന്നതിനായി കഞ്ചിക്കോട് വ്യവസായ മേഖലയിൽ ഒരു അന്തരീക്ഷ വായു ഗുണനിലവാര സ്റ്റേഷൻ മലിനീകരണ നിയന്ത്രണബോർഡ് ഏർപ്പെടുത്തി പ്രവർത്തിച്ചുവരുന്നു. കൂടാതെ വ്യവസായ വകുപ്പ് നിയോഗിച്ച കമ്മിറ്റി നിർദ്ദേശ പ്രകാരം ജില്ലാ കളക്ടർ ചെയർമാനായി പരിസ്ഥിതി കാവൽ സംഘം രൂപീകരിക്കുകയും ടി സംഘം പ്രസ്തുത മേഖലയിലെ സ്ഥാപനങ്ങൾ കാരണമുള്ള മലിനീകരണ പ്രശ്നങ്ങൾ വിലയിരുത്തുകയും ചെയ്യുന്നു.

വനമേഖലയ്ക്ക് പുറത്തുള്ള ജൈവ വൈവിധ്യ സംരക്ഷണം

297 (3931) ശ്രീ. കെ. മുരളീധരൻ :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനമേഖലക്ക് പുറത്തുള്ള ആവാസസ്ഥലങ്ങളിലെ ജൈവവൈവിധ്യം സംരക്ഷിക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തനരീതിയും എന്തെല്ലാമാണ് ; വിശദാംശങ്ങൾ എന്തെല്ലാം ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത് ; വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. വനത്തിനു പുറത്തുള്ള പുരയിടങ്ങളിലെ ജൈവവൈവിധ്യം സംരക്ഷിക്കുന്നതിലേക്കും, അവയുടെ പാരിസ്ഥിതികവും ജൈവപരവുമായ പ്രാധാന്യവും അവ പരിസ്ഥിതിക്ക് നൽകുന്ന സേവനങ്ങളും കണക്കിലെടുത്ത് അന്താരാഷ്ട്ര ജൈവവൈവിധ്യ വർഷമായ 2010-ൽ സംസ്ഥാന വനം വന്യജീവി വകുപ്പ് കാവുകളുടെയും കണ്ടൽക്കാടുകളുടെയും സംരക്ഷണ പദ്ധതി നടപ്പിലാക്കുകയും ആയതിന് സംസ്ഥാന സർക്കാർ 2010-11 വർഷത്തിൽ ഭരണാനുമതിയും നൽകുകയുണ്ടായി. പ്രസ്തുത പദ്ധതികൾ സർക്കാരിന്റെ 12-9-2013-ലെ ജി.ഒ. (ആർ ടി) 354/13/വനം പ്രകാരമുള്ള മാർഗ്ഗനിർദ്ദേശ പ്രകാരമാണ് 2013-14 വർഷം മുതൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്.

(ബി) പ്രസ്തുത പദ്ധതികളിൽ കേരളത്തിലെ കാവുകളുടെ സംരക്ഷണത്തിനും പരിപാലനത്തിനുമായി ഓരോ ജില്ലയിൽനിന്നും വനം വകുപ്പിന്റെ സോഷ്യൽ ഫോറസ്ട്രി വിഭാഗം പത്ര പരസ്യങ്ങളിലൂടെ അപേക്ഷകൾ ക്ഷണിക്കുകയും ആയത് പ്രകാരം ലഭിച്ച അപേക്ഷകൾ കാവ് സംരക്ഷണ പദ്ധതിയുടെ തെരഞ്ഞെടുത്ത വിദഗ്ധ സമിതി അംഗങ്ങൾ പരിശോധിച്ച് കാവുകളുടെ വിസ്തൃതിയുടെയും ആയതിലെ ജൈവ വൈവിധ്യത്തിന്റെയും അടിസ്ഥാനത്തിൽ ഓരോ ജില്ലയിൽ നിന്നും തെരഞ്ഞെടുക്കുന്ന 5 കാവുകൾക്ക് ചുവടെ ചേർക്കുന്ന സംരക്ഷണ പരിപാലന പ്രവർത്തനങ്ങൾക്ക് സാമ്പത്തിക സഹായം നൽകിവരുന്നു :

1. കാവുകളിലെ സസ്യജന്തു വൈവിധ്യം തിട്ടപ്പെടുത്തുക.
2. പരിപാലനത്തിനാവശ്യമായ സൂക്ഷ്മാസൂത്രണ രേഖ തയ്യാറാക്കുക
3. കാവുകളിലെ ആവാസ വ്യവസ്ഥ മെച്ചപ്പെടുത്തുന്നതിനായി സസ്യങ്ങൾ വച്ചു പിടിപ്പിക്കുക/സ്വാഭാവിക സസ്യ വളർച്ചയ്ക്ക് ആവശ്യമായ സാഹചര്യം ഒരുക്കുക, കള നിർമ്മാർജ്ജനം ചെയ്യുക, ജല സംരക്ഷണ പ്രവർത്തനങ്ങൾ നടത്തുക, പരിസരം ശുചിയായി സൂക്ഷിക്കുക.
4. സംരക്ഷണത്തിനായി കാവിനു ചുറ്റും അനുയോജ്യമായ വേലി നിർമ്മിക്കുക.
5. കാവുകളുടെ സംരക്ഷണത്തിന്റെ ആവശ്യകതയെക്കുറിച്ച് ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുക.

LIBRARY ARCHIVES Kerala Legislative Assembly

കേരളത്തിലെ ഓരോ ജില്ലയിലെയും അതാതു സാമൂഹ്യ വനവൽക്കരണ വിഭാഗം അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർമാരാണ് കാവ് സംരക്ഷണ പദ്ധതിക്കുള്ള ചുമതല വഹിക്കുന്നത്. ആയതിന്റെ മേൽനോട്ടം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ബയോഡൈവേഴ്സിറ്റി സെൽ) നിർവ്വഹിക്കുന്നുമുണ്ട്.

കണ്ടൽക്കാടുകളുടെ സംരക്ഷണത്തിനും പരിപാലനത്തിനുമായി കണ്ടൽ കാടുകൾ സംരക്ഷിക്കുന്നതിനുള്ള പ്രാധാന്യത്തെക്കുറിച്ച് പൊതുജനങ്ങൾക്ക് അവബോധം സൃഷ്ടിക്കുന്നതിലേക്ക് ബോധവൽക്കരണം നടത്തുക, കണ്ടൽ പുനരുൽപ്പാദനത്തിന് ധനസഹായം നൽകുക, പദ്ധതിക്കുവേണ്ടി പ്രാരംഭ പ്രവർത്തനങ്ങൾ നടത്തുക, കണ്ടൽക്കാടുകളുടെ സംരക്ഷണത്തിനുവേണ്ടി കണ്ടൽ ഉടമകൾക്ക് നിലവിലുള്ള സർക്കാർ ഉത്തരവിലെ മാർഗ്ഗരേഖകളുടെ അടിസ്ഥാനത്തിൽ ഒരേക്കറിന് 4000 രൂപ പാരിതോഷികമായി നൽകുക തുടങ്ങിയ പ്രധാന പ്രവർത്തനങ്ങൾ വനം വകുപ്പ് നടത്തിവരുന്നുണ്ട്. കേരള പ്രൊമോഷൻ ഓഫ് ട്രീ ഗ്രോത്ത് ആക്ട് 2005 സെക്ഷൻ 6(3) പ്രകാരം കണ്ടൽക്കാടുകളെല്ലാം വിജ്ഞാപനം ചെയ്ത മേഖലയാണ്. ആയതിനാൽ ഒരു ഹെക്ടറിന് മുകളിൽ വിസ്തീർണ്ണമുള്ള കണ്ടലുകളുടെ ഉടമകൾ മരം വെട്ടുന്നതിന് അതാത് സ്ഥലത്തെ അധികാരപ്പെടുത്തിയ ഓഫീസറുടെ അനുവാദം വാങ്ങേണ്ടതാണ്.

(സി) പ്രസ്തുത പദ്ധതി കേരള സർക്കാരിന്റെ ഫണ്ടുപയോഗിച്ചാണ് നടപ്പാക്കുന്നത്.

പ്ലാസ്റ്റിക് കവറുകളും ഗ്ലാസ്സുകളും സ്റ്റീറോഫോം പ്ലേറ്റുകളും ഉപയോഗിക്കുന്നതിനെതിരെ ബോധവൽക്കരണം

298 (3932) ശ്രീ. എം. എ. ബേബി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വ്യാപാരസ്ഥാപനങ്ങളിൽ പ്രത്യേകിച്ചും വസ്ത്രാലയങ്ങളിൽ തുണിത്തരങ്ങൾ വാങ്ങുമ്പോൾ അവ പ്ലാസ്റ്റിക് കവറുകളിൽ നൽകുന്നതിനുപകരം തുണിസഞ്ചികളിൽ നൽകുന്നതിനാവശ്യമായ ബോധവത്ക്കരണവും നിയമനിർമ്മാണവും നടത്തുമോ ;

(ബി) ആഘോഷവേളകളിലും മറ്റു ചടങ്ങുകളിലും പ്ലാസ്റ്റിക്കും, സ്റ്റീറോഫോം പ്ലേറ്റുകളും, പ്ലാസ്റ്റിക്ക് ഗ്ലാസ്സുകളും ഉപയോഗിക്കുന്നതിനെതിരെ ബോധവത്ക്കരണവും മാധ്യമങ്ങൾ വഴി പ്രചരണവും നടത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ;

(സി) ബയോഡീഗ്രേഡബിൾ അല്ലാത്ത ഫ്ലക്സ്, സ്റ്റീറോഫാം, പ്ലാസ്റ്റിക് കവറുകൾ, പ്ലാസ്റ്റിക്ക് ഗ്ലാസ്സുകൾ, തെർമ്മോക്കോൾ തുടങ്ങിയവയ്ക്ക് ഉയർന്ന നികുതി ഏർപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly